**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി.ക്ലർക്ക് ശ്രീ.എം.സുഭാഷിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 3151/2014/തസ്വഭവ, തിരുവനന്തപുരം,തീയതി,01.12.2014**

---

പരാമർശം:- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.08.2013-ലെ E2(SC 21/13/KLM) 8667/2013 നമ്പർ കത്ത്.

2. 11.10.2013ലെ സ.ഉ.(സാധാ) 2531/2013/തസ്വഭവ നമ്പർ ഉത്തരവ്.
3. ശ്രീ..എം.സുഭാഷിനെതിരെയുള്ള 18.12.2013 തീയതിയിലെ 59366/ഇആർബി3/13/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. 25.04.2014-ൽ ശ്രീ.സുഭാഷ്, എൽ.ഡി.ക്ലർക്ക് സമർപ്പിച്ച പ്രതിവാദപത്രിക.
5. 19.05.2014ലെ സ.ഉ.(സാധാ)നം.1198/2014/തസ്വഭവ നമ്പർ ഉത്തരവ്.
6. ഗ്രാമവികസന കമ്മീഷണറുടെ 29.08.2014 ലെ 21556/എസ്റ്റാഎ2/2013/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ 2012-13 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രിന്റിംഗിൽ അഴിമതി നടന്നതായിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 26.06.2013ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി.ക്ലർക്ക് ശ്രീ.എം.സുഭാഷ് മദ്യപിച്ചിരുന്നുവെന്നും ഡ്യൂട്ടി സമയത്തുള്ള ആൾക്കഹോൾ ഉപയോഗം ഗുരുതരമായ വീഴ്ചയാണെന്നും, ആയതിനാൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടിയാനെ സസ്പെന്റ് ചെയ്യുകയും ടിയാനെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, പരാമർശം(4) പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു. ഓഫീസ് സമയത്ത് താൻ മദ്യപിച്ചിരുന്നില്ലെന്നും ദീർഘകാലമായി അലർജിക്ക് ഹോമിയോ മരുന്ന കഴിയ്ക്കുന്ന ആളാണെന്നും, വിജിലൻസ് പരിശോധനാ സമയത്ത് വൈറൽ ഫീവർ പിടിപ്പെട്ട് ഹോമിയോ ചികിൽസയിലായിരുന്നുവെന്നും, ഇതുമൂലം ഉണ്ടായ സംശയമാണ് തന്റെ

സസ്പെൻഷന് ഇടയാക്കിയതെന്നും തന്റെ പ്രതിവാദപത്രികയിൽ ശ്രീ.എം.സുഭാഷ് ബോധിപ്പിച്ചിരുന്നു. ശ്രീ.സുഭാഷ്, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ താൻ കുടുംബത്തിന്റെ ഏക ആശ്രയമായതിനാൽ ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന് അപേക്ഷിക്കുകയും, സസ്പൻഷൻ കാലയളവ് 6 മാസത്തിൽ കൂടുതലായ സാഹചര്യത്തിൽ ടിയാനെ അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം (5) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ.എം.സുഭാഷ്, എൽ.ഡി.ക്ലാർക്കിനെ സംബന്ധിച്ച് നിലവിൽ യാതൊരു പരാതികളും ഇല്ലായെന്നും, ആഫീസിന്റെ ദൈനംദിന പ്രവൃത്തികൾ ടിയാൻ കൃത്യമായും ശ്രദ്ധയോടും കൈകാര്യം ചെയ്യുന്നതായും കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എം.സുഭാഷ്, എൽ.ഡി.ക്ലർക്കിനെ സംബന്ധിച്ച് നിലവിൽ യാതൊരു പരാതികളുമില്ലെന്നും, ആഫീസിന്റെ ദൈനംദിന പ്രവൃത്തികൾ ടിയാൻ കൃത്യമായും ശ്രദ്ധയോടും കൈകകാര്യം ചെയ്യുന്നതായുമുള്ള ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി.ക്ലർക്ക്, ശ്രീ.എം.സുഭാഷിനെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ 6 മാസത്തേക്ക് തടഞ്ഞുകൊണ്ട്, തീർപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.ജെ.ഉണ്ണികൃഷ്ണൻ**
**അണ്ടർ സെക്രട്ടറി**

ശ്രീ.എം.സുഭാഷ്, മുൻ എൽ.ഡി.ക്ലർക്ക്, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് വകുപ്പ് (10.09.2013-ലെ 10699/ഇ3/13/വിജ്. നമ്പർ കത്ത് പ്രകാരം)
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ